**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1332** **07-02-2023 - ൽ മറുപടിയ്ക്ക്**

**ശബരിമല പിൽഗ്രിം സെന്റർ പ്രോജക്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അയ്യപ്പ ഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച ശബരിമല പിൽഗ്രിം സെന്റർ പ്രോജക്റ്റിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | ശബരിമല പിൽഗ്രിം സെന്റർ നിർമ്മാണ കരാർ കാലാവധിയിലും ദീർഘിപ്പിച്ചു നൽകിയ കാലാവധിയിലും പൂർത്തിയാക്കാത്തതിനാൽ ടി കരാറുകാരനെ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തു. ഇതിനെതിരെ നിലവിൽ റാന്നി മുൻസിഫ് കോടതിയിൽ OS 18/22എന്ന ഒരു കേസും, ടി പ്രോജക്റ്റിനുവേണ്ടി റാന്നി പഴവങ്ങാടി പഞ്ചായത്ത് ഏറ്റെടുത്ത് നൽകിയ 110.28 ആർ ഭൂമി പരിസ്ഥിതി ലോല പ്രദേശത്താണ് എന്നാരോപിച്ച് മൂന്നാർ സ്വദേശി ശ്രീ. ഇബ്രാഹിം കരിം ബഹു. നാഷണൽ ഗ്രീൻ ട്രൈബ്യൂണലിൽ OS 128/2021എന്ന ഒരു കേസ് ഫയൽ ചെയ്യുകയും അതിപ്പോൾ ട്രൈബ്യൂണലിന്റെ പരിഗണനയിലുമാണ്. നിലവിൽ 310 പൈലുകളുടെ പ്രവൃത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ കാര്യങ്ങളാണ് നിലവിൽ നടപ്പാക്കിയിട്ടുള്ളത്; ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു; അറിയിക്കുമോ; | (ബി) | **310 പൈലുകളുടെ പ്രവൃത്തിയാണ് അവിടെ നടത്തിയിട്ടുള്ളത്. ശബരിമല പിൽഗ്രിം സെന്റർ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് എന്നിവയ്ക്കായി പഴവങ്ങാടി വില്ലേജിൽ കെട്ടിടം നിർമ്മിക്കുന്നതിന് മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 5 കോടി രൂപയിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിന് സ.ഉ.(സാധാ) നമ്പർ 1748/10/ പൊ.മ.വ. തീയതി, 20/11/2010 പ്രകാരം 72.69 ലക്ഷം രൂപയും പൈലുകളുടെ പണി നടത്തിയതിന് കരാറുകാരൻ ബിൽ തുകയായി 2,67,87,072/- രൂപയും ചെലവാക്കിയിട്ടുണ്ട്.** |
| (സി) | ഈ മണ്ഡല കാലത്ത് തീർത്ഥാടകർക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം പൂർണ്ണമായും ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഈ മണ്ഡലകാലത്ത് തീർത്ഥാടകർക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം പൂർണ്ണമായും ലഭ്യമാകാൻ സാധിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട കേസുകൾക്ക് തീരുമാനമാകുന്ന മുറയ്ക്ക് ടി പ്രവൃത്തി പൂർത്തികരണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ